## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1120** **02-02-2026 - ൽ മറുപടിയ്ക്ക്**

## ജൽജീവൻ മിഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നാളിതുവരെ എത്ര ശതമാനം പൂർത്തീകരിച്ചു; പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ (JJM). മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർഘിപ്പിക്കുകയും, 2025-26 ലെ കേന്ദ്ര ബജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായും പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് 2020ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). JJM ലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 21.31 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.81 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.59%).<br><br>വിവിധ സ്കീമുകളിലായി നാളിതു വരെ 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ 3239 പ്രവർത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1703 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ബാക്കി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് 3 ജില്ലകളിൽ മാത്രമാണ് 25 ശതമാനത്തിനു മുകളിൽ കുടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത് (ആലപ്പുഴ, എറണാകുളം, തൃശ്ശൂർ). ഇപ്പോൾ 7 ജില്ലകൾ 50% മുകളിൽ കവറേജ് കൈവരിച്ചു (കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ). 3 ജില്ലകൾ |

| | | | |
|---|---|---|---|
| | | | 45% മുകളിൽ കവറേജ് കൈവരിച്ചു (പത്തനംതിട്ട, കോട്ടയം, മലപ്പുറം). മറ്റു ജില്ലകൾ - 30 % മുകളിൽ കവറേജ് കൈവരിച്ചു.<br><br>പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100% കവറേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ 120 പഞ്ചായത്തുകൾ 100% കവറേജ് കൈവരിച്ചു. 408 പഞ്ചായത്തുകൾ 50%-നു മുകളിൽ കവറേജ് കൈവരിച്ചു.<br><br>9 നിയമസഭാ മണ്ഡലങ്ങളും 100% കവറേജ് കൈവരിച്ചു. (ധർമ്മടം, കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ, വൈപ്പിൻ, എറണാകുളം, കൊച്ചി, അരൂർ, വൈക്കം).<br><br>ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ നൽകിയ കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ പട്ടിക **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | ജൽജീവൻ മിഷൻ പദ്ധതിയുടെ കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം, കേന്ദ്രവിഹിതമായി നാളിതുവരെ ലഭിച്ച തുക, സംസ്ഥാന വിഹിതമായി നാളിതുവരെ നൽകിയ തുക, പദ്ധതി പൂർത്തീകരണത്തിന് ഇനി ആവശ്യമായ തുക എന്നിവ വ്യക്തമാക്കാമോ; പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിൽ സംസ്ഥാനവിഹിതത്തെ 25% സംസ്ഥാന സർക്കാർ വിഹിതവും 15% ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമായാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആകെ ഭരണാനുമതി നൽകിയ 44714.79 കോടി രൂപയിൽ ഇതു വരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 8033.29 കോടി രൂപ സംസ്ഥാന വിഹിതമായും നൽകിയിട്ടുണ്ട്. (ആകെ – 13643.60 കോടി രൂപ). ഇതിൽ 11643.60 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണ കാലാവധി 2028 വരെ നീട്ടിയതായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത സമയപരിധി ക്കുള്ളിൽ ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | ജൽജീവൻ മിഷൻ പദ്ധതിയിലെ കരാറുകാർക്ക് നൽകുവാനുള്ള കുടിശിക എന്നത്തേക്ക് പൂർണ്ണമായി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 18.12.2025ലെ കണക്ക് പ്രകാരം 6886.39 കോടി രൂപ (6340 ബില്ലുകൾ - 2024 മാർച്ച് മുതലുള്ളത്) കുടിശ്ശിക നല്കുവാനുണ്ട്. 2025-26 സാമ്പത്തിക വർഷം ഇതു വരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇതു തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിനു നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ 09/09/2025 ലെ മന്ത്രിസഭാ യോഗം അംഗീകാരം നൽകിയിട്ടുണ്ട്. ആയതിൽ 5000 കോടി രൂപ നബാർഡിൽ നിന്നും അനുവദിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | പ്രസ്തുത തുക കേരള വാട്ടർ അതോറിറ്റി 0215-01-102-98 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് അടയ്ക്കുകയും ചെയ്തു. ഈ തുകയിൽ നിന്ന് 20/01/2026-ലെ ഉത്തരവ് പ്രകാരം 3750 കോടി രൂപ തിരികെ കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും ആദ്യഗഡുവായി 2000 കോടി രൂപ 23/01/2026-ൽ കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കുകയും ചെയ്തു. ഈ തുക കരാറുകാർക്ക് നൽകുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ക്രമ നമ്പർ | ജില്ല | ആകെ ഗ്രാമീണ വീടുകൾ | ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിലുള്ള മൊത്തം കണക്ഷൻ | കവറേജ് (%) |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 659860 | 524194 | 283986 | 450798 | 68.32 |
| 2 | കൊല്ലം | 607160 | 446930 | 305355 | 453134 | 74.63 |
| 3 | പത്തനംതിട്ട | 357519 | 273171 | 89468 | 174698 | 48.86 |
| 4 | കോട്ടയം | 471910 | 373493 | 120316 | 230260 | 48.79 |
| 5 | ആലപ്പുഴ | 543821 | 378352 | 171353 | 366806 | 67.45 |
| 6 | എറണാകുളം | 620848 | 346467 | 151270 | 416661 | 67.11 |
| 7 | ഇടുക്കി | 279017 | 241261 | 40260 | 98451 | 35.28 |
| 8 | തൃശ്ശൂർ | 600633 | 438834 | 130844 | 309473 | 51.52 |
| 9 | പാലക്കാട് | 650491 | 497280 | 238959 | 387846 | 59.62 |
| 10 | മലപ്പുറം | 797512 | 652951 | 223244 | 366820 | 46.00 |
| 11 | കോഴിക്കോട് | 514666 | 526159 | 119325 | 205597 | 39.95 |
| 12 | വയനാട് | 191308 | 148944 | 29767 | 72606 | 37.93 |
| 13 | കണ്ണൂർ | 433842 | 376986 | 180687 | 261110 | 60.19 |
| 14 | കാസർഗോഡ് | 253522 | 220320 | 46658 | 86799 | 34.24 |
| **ആകെ** | | **6982109** | **5445342** | **2131492** | **3881059** | **55.59** |